# പതിമൂന്നാം കേരള നിയമസഭ
## എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3162 | 15.02.2013-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വർക്ക് സൈറ്റുകളിൽ ഉദ്യോഗസ്ഥ സാന്നിദ്ധ്യം

**ചോദ്യം**

ശ്രീ.വി.പി.സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, എം.പി.വിൻസെന്റ്

(എ) പൊതുമരാമത്ത് വർക്ക്സൈറ്റുകളിൽ ഉദ്യോഗസ്ഥ സാന്നിദ്ധ്യം ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

**മറുപടി**

ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

**(എ), (ബി) & (സി):**

പൊതുമരാമത്ത് വർക്ക്സൈറ്റുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കി പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 27.07.2012-ലെ 15351/സി3/12/ പൊ.മ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ അനുബന്ധമായി വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

നം.15351/സി3/12/പൊ.മ.വ.

പൊതുമരാമത്ത് (സി) വകുപ്പ്
തിരുവനന്തപുരം, 27.07.2012

## സർക്കുലർ

വിഷയം:- പൊ.മ.വ. - പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്ന പ്രവൃത്തികൾ - വർക്ക് സൈറ്റുകളിൽ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടവും സാന്നിദ്ധ്യവും ഉറപ്പ് വരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്ന പ്രവൃത്തി നടക്കുന്ന സമയത്ത് സാങ്കേതിക മേൽനോട്ടം വഹിക്കേണ്ട ഉദ്യോഗസ്ഥർ സൈറ്റിൽ ഇല്ലാത്തതു പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടേയും പരാതികൾക്ക് ഇടയാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സർക്കാരിന്റെ പ്രതിഛായയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കി പ്രവൃത്തികളുടെ ഗുണനിലവാരം നിലനിർത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിലേക്കായി സർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ഇവ കൃത്യമായി പാലിക്കപ്പെടേണ്ടതും, വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

1. എല്ലാ പ്രവൃത്തി സ്ഥലങ്ങളിലും ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനയർ എന്നിവർ നിർബന്ധമായി സന്ദർശിക്കുകയും ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും വേണം.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ (**Agreement authority & Technical Sanction authority**) എന്നിവർ പ്രവൃത്തി നടത്തുന്ന സമയങ്ങളിൽ നിശ്ചയമായും സൈറ്റ് സന്ദർശിക്കുകയും ആ വിവരവും പ്രവൃത്തിയുടെ പൊതുവിലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സൈറ്റ് ഓർഡർ ബുക്കിൽ രേഖപ്പെടുത്തുകയും വേണം.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സൂപ്പർ ചെക്ക് മെഷർമെന്റ് ചെയ്തിരിക്കണം
4. സൈറ്റിൽ ഇതു സംബന്ധിച്ച് വിവരങ്ങൾ സൈറ്റ് ഓർഡർ ബുക്കിൽ രേഖപ്പെടുത്തിയിരിക്കണം.
5. ആർ.സി.സി. പ്രവൃത്തികൾ പോലുള്ള പ്രധാന പ്രവൃത്തികൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയെങ്കിലും മേൽനോട്ടത്തിലേ നടത്താൻ പാടുള്ളൂ.

6. ഗുണമേന്മ പരിശോധനയ്ക്ക് ആവശ്യമുള്ള സാമ്പിളുകൾ പരിശോധനാ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തന്നെ ശേഖരിച്ചു വേണ്ടുന്ന ടെസ്റ്റുകൾക്ക് വിധേയമാക്കണം. സാമ്പിളുകൾ ടെസ്റ്റ് ചെയ്തതിന്റെ പരിശോധനാ ഫലം നിർബന്ധമായിട്ടും ഡോക്യുമെന്റ് ചെയ്തു സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. കൂടാതെ ഒരു പകർപ്പ് സൈറ്റിലും സൂക്ഷിക്കേണ്ടതാണ്.
7. ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് കരാറുകാർ നിയമിക്കുന്ന സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടം ഉറപ്പു വരുത്തുന്നതിന് കരാറുകാരും വകുപ്പു ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
8. ദ്വൈവാര റിപ്പോർട്ട് (**Fortnightly Progress Report**) -**FNPR** സമർപ്പിക്കുവാൻ കടപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും യഥാസമയങ്ങളിൽ തന്നെ അവ മേലധികാരികൾക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്. ഇക്കാര്യം ശമ്പള ബില്ലിൽ രേഖപ്പെടുത്തിയിരിക്കണം. പ്രസ്തുത ദ്വൈവാര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നതാണ്.
9. മേൽ പ്രസ്താവിച്ചവ കൂടാതെ പൊതുമരാമത്ത് വകുപ്പ് മാനുവൽ, കോഡ് തുടങ്ങിയവയിലെ നിർദ്ദേശങ്ങളും നിഷ്കർഷയോടെ അനുവർത്തിക്കേണ്ടതാണ്.

പി.എച്ച്. കുര്യൻ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർമാർക്കും, വകുപ്പ് മേലധികാരികൾക്കും
പൊതുമരാമത്ത് വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പൊതുമരാമത്ത് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും
ഐ. & പി.ആർ വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

True Copy
S.O.